"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സന്തോഷ്കുമാർ.എൻ. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.1226/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1827/2023/LSGD തീയതി,തിരുവനന്തപുരം, 15-09-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ. സന്തോഷ്കുമാർ.എൻ. സർക്കാരിൽ സമർപ്പിച്ച 06.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ7 )
3. ശ്രീ. സന്തോഷ്കുമാർ.എൻ. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.1226/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.09.2023 തീയതിയിലെ LSGD/PD/46633/2023-DEC1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സന്തോഷ്കുമാർ.എൻ. സമർപ്പിച്ച പരാമർശം 2അപ്പീൽ (അനക്ഷർ എ7) പ്രകാരം, തന്നെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയ പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ ഉത്തരവ് പുനപരിശോധിച്ച് തിരുവല്ല താലൂക്കിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തേക്കോ ചങ്ങനാശ്ശേരി നഗരസഭയിൽ നിലനിർത്തുകയോ ചെയ്യണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. സന്തോഷ്കുമാർ.എൻ. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1226/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനക്ഷർ എ7 അപ്പീൽ അപേക്ഷ പരിഗണിച്ച് ആയതിൽ ഒരു മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. സന്തോഷ്കുമാർ.എൻ. -ന്റെ അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പ്രകാരം, ചങ്ങനാശ്ശേരി നഗരസഭയിൽ 2022 ഒക്ടോബർ മുതൽ സേവനമനുഷ്ഠിച്ച് വരുന്നതായും, പൊതു സ്ഥലം മാറ്റത്തിൽ, തന്റെ വീടിനടുത്തുള്ള തിരുവല്ല നഗരസഭയിൽ സ്ഥലംമാറ്റത്തിന്

അപേക്ഷ നൽകിയതായും എന്നാൽ ആയത് പരിഗണിക്കാതെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലേക്ക് മാറ്റിയതായും, ആയതുമൂലം തന്റെ പിതാവിന്റെ പരിചരണത്തിന് തടസ്സമാകുന്നതായും അറിയിക്കുന്നു. ചങ്ങനാശ്ശേരി നഗരസഭയിൽ 9 മാസം മാത്രം സർവ്വീസുള്ള തന്നെ, തിരുവല്ല നഗരസഭയിൽ മാറ്റം അനുദിച്ചില്ലെങ്കിൽ ചങ്ങനാശ്ശേരി നഗരസഭയിൽ നിലനിർത്തേണ്ടതായിരുന്നുവെന്നും ആയതിനാൽ തന്നെ തിരുവല്ല താലൂക്കിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തേക്കോ ചങ്ങനാശ്ശേരി നഗരസഭയിൽ നിലനിർത്തുകയോ ചെയ്യണമെന്ന് അപേക്ഷിക്കുകയുണ്ടായി..

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ശ്രീ.സന്തോഷ് കുമാർ എൻ, സീനിയർ ക്ലർക്ക് (G 68401) 12/09/2022 മുതൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തുവരുന്നതായും, 2023 പൊതുസ്ഥലംമാറ്റത്തിന് തിരുവല്ല മുനിസിപ്പാലിറ്റി മാത്രം ഓപ്ഷനായി അപേക്ഷ സമർപ്പിച്ചിരുന്നതായും അറിയിക്കുന്നു. FINAL QUEUE LIST OF APPLICANTS WORKING OUTSIDE പ്രകാരം ക്യൂ ലിസ്റ്റിൽ 93-മതായി സ്ഥാനം പിടിച്ചിട്ടുണ്ട് എന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിൽ 6 മാസം 18 ദിവസം (ആകെ 201 ദിവസം) സേവനം അനുഷ്ഠിച്ചിട്ടുണ്ട് എന്നും (TOTAL ELIGIBLE STATION SENIORITY PERIOD 6 മാസം 18 ദിവസം ) TOTAL OUTSTATION SENIORITY PERIOD 7 മാസം 18 ദിവസം ഉണ്ട് എന്നും ജില്ലയ്ക്ക് പുറത്തു നിന്ന് ജില്ലയിലേക്ക് വരുന്നതിന് OUTSTATION SENIORITY യും ജില്ലയ്ക്കുള്ളിലെ സ്ഥലംമാറ്റത്തിന് ഇൻസ്റ്റേഷൻ സീനിയോറിറ്റിയുമാണ് പരിഗണിക്കുന്നത് എന്നും അറിയിക്കുന്നു. ഫൈനൽ ക്യൂ ലിസ്റ്റിൽ 59-ാാം നമ്പരായ ശ്രീമതി രാജി.ജി (പെൻ 616087) നെയാണ് തിരുവല്ല മുനിസിപ്പാലിറ്റിയിൽ അവസാനമായി അലോട്ട് ചെയ്തിട്ടുള്ളത് എന്നും ടിയാളുടെ TOTAL ELIGIBLE STATION SENIORITY PERIOD 1 വർഷം 3 മാസം 10 ദിവസം ആണ് എന്നും നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാകാത്ത ജീവനക്കാർ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ സ്ഥലംമാറ്റം ലഭിച്ചിട്ടില്ലായെങ്കിൽ നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് അനുമതി നൽകുന്ന സമ്മതപത്രം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരുന്നതും ശ്രീ.സന്തോഷ് കുമാർ.എൻ, സീനിയർ ക്ലർക്ക് ടി സമ്മതപത്രം വിനിയോഗിച്ചിട്ടില്ലാത്തതുമാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

4. 2023 പൊതുസ്ഥലംമാറ്റ അപേക്ഷയോടൊപ്പം അനുകമ്പാർഹമായ കാരണങ്ങൾ ഉൾപ്പെടെ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് സോഫ്റ്റ് വെയറിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതും അപേക്ഷകനെ ആശ്രയിച്ച് കഴിയുന്ന പിതാവിന് ജീവനക്കാരന്റെ സാന്നിധ്യവും പരിചരണവും ആവശ്യമാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുകമ്പാർഹമായ മാർക്ക് സോഫ്റ്റ് വെയറിൽ അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ.സന്തോഷ് കുമാർ.എൻ, ടി സൗകര്യം പ്രയോജനപ്പെടുത്തിയിട്ടില്ലായെന്നും അനുകമ്പാർഹമായ മാനദണ്ഡങ്ങൾ ഒന്നും ബാധകമല്ല എന്ന സാക്ഷ്യപ്പെടുത്തലോടുകൂടിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നും അറിയിക്കുന്നു. അപേക്ഷയിൽ സമർപ്പിക്കാത്ത മാനദണ്ഡങ്ങൾ ഒന്നും അപ്പീൽ അപേക്ഷയിൽ പരിഗണിക്കുന്നതിന് നിർവാഹമില്ലായെന്നും ഇനി ഒഴിവ് വരുന്ന മുറയ്ക്ക് ഫൈനൽ ക്യൂ ലിസ്റ്റ്, സീനിയോറിറ്റി, റൊട്ടേഷൻ എന്നിവ പ്രകാരം മാത്രം സ്ഥലംമാറ്റം പരിഗണിക്കുന്നതിന് കഴിയുകയുള്ളൂ എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം ശ്രീ.സന്തോഷ് കുമാർ.എൻ,-ന്റെ അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള

സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പൊതുസ്ഥലംമാറ്റ അപേക്ഷയോടൊപ്പം പിതാവിന് ജീവനക്കാരന്റെ സാന്നിധ്യവും പരിചരണവും ആവശ്യമാണെന്നതുൾപ്പടെയുള്ള, അനുകമ്പാർഹമായ കാരണങ്ങൾ ശ്രീ.സന്തോഷ് കുമാർ എൻ, ഉൾപ്പെടുത്തിയിരുന്നില്ലായെന്നും കൂടാതെ നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് അനുമതി നൽകുന്ന സമ്മതപത്രവും ടിയാൻ വിനിയോഗിച്ചിട്ടില്ലാത്തതുമാണ് എന്നും കാണുന്നു. ആയതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പരിഗണിക്കാവുന്നതല്ലായെന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി ചങ്ങനാശ്ശേരി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സന്തോഷ്കുമാർ.എൻ സമർപ്പിച്ച അനക്ഷർ എ7 അപ്പീൽ അപേക്ഷയിലെ ആവശ്യം നിലവിൽ പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ ഒ.എ.1226/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
ശ്രീ. സന്തോഷ്കുമാർ.എൻ, സീനിയർ ക്ലർക്ക്, ചങ്ങനാശ്ശേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 15-09-2023 16:30:23
സെക്ഷൻ ഓഫീസർ